<u>പാഠാസൂത്രണം</u>

അധ്യാപികയുടെ പേര് :- ശ്രീഷ്മ കെഎസ്
വിദ്യാലയത്തിന് പേര് :- ശ്രീ ദുർഗാ വിലാസം
വിഷയം:- മലയാളം
യൂണിറ്റ്:- അന്യജീവനുതകി സ്വജീവിതം
പാഠം :- എന്റെ ഗുരുനാഥൻ
ക്ലാസ്സ് :- 8
കുട്ടികളുടെ എണ്ണം :- 40
സമയം:- 45 മിനിറ്റ്
തീയതി :-5 /10 /2021

---

<u>ആശയങ്ങൾ ധാരണകൾ</u>

- ഗാന്ധിജിയുടെ ഗുണഗണങ്ങൾ വർണ്ണിക്കുന്ന അദ്ദേഹത്തെ തന്റെ ഗുരുനാഥനായി കണ്ട് വള്ളത്തോൾ രചിച്ച കവിതയാണ് 'എന്റെ ഗുരുനാഥൻ'
- ആധുനിക കവിത്രയത്തിൽ പ്രമുഖനായ വള്ളത്തോൾ സാഹിത്യ മഞ്ജരി നാലാം ഭാഗത്തിലെ ഒരു കവിതയാണ് 'എന്റെ ഗുരുനാഥൻ'.
- സർവ്വചരാചരങ്ങളെയും തന്റെ കുടുംബാംഗമായി കാണുന്ന ഗാന്ധിജി ത്യാഗം നേട്ടമായി താഴ്മ യെ ഉന്നതി ആയും കാണുന്ന മഹായോഗി ആണ്.
- സ്വീകാര്യതയുടെയും ബഹുമാനത്തിന്റെയും പൂച്ചെണ്ടുകളെ സ്വീകരിക്കുന്നത് പോലെ തിരസ്കാരത്തിന്റെയും വിദ്വേഷത്തിന്റെയും വിമർശനങ്ങളുടെയും കാർമേഘങ്ങളെയും ഹൃദയവിശാലതയോടെ അംഗീകരിക്കുവാനും ഉൾക്കൊള്ളുവാനും കഴിയുന്ന മഹാ വ്യക്തിത്വമാണ് ഗാന്ധിജിയുടേത്.

<u>ഭാഷാ വസ്തുതകൾ</u>

- നൂതന പദങ്ങൾ
- തത്വചിന്താപരമായ വരികൾ

<u>മുന്നറിവ്</u>

- ഗാന്ധിജിയെക്കുറിച്ച് അറിവുണ്ട്.
- വള്ളത്തോളിനെ മുന്ന് പഠിച്ചിട്ടുണ്ട്
- വള്ളത്തോളിന്റ്റെ കൃതികൾ മുൻ ക്ലാസുകളിൽ പഠിച്ചിട്ടുണ്ട്.

<u>ശേഷികൾ/ നൈപുണികൾ</u>

- വള്ളത്തോളിനെ തിരിച്ചറിയുന്നു.
- വായനാ ശേഷി
- എഴുതുവാനുള്ള ശേഷി
- ആശയ പ്രകടന ശേഷി

കവിത കേട്ട് ആസ്വദിക്കാനുള്ള ശേഷി

<u>മൂല്യങ്ങൾ /മനോഭാവങ്ങൾ</u>

- ദേശീയബോധം
- മാനവികത
- ഗാന്ധിജിയോടുള്ള ആരാധന

<u>ബോധനോദ്ദേശ്യങ്ങൾ</u>

- വള്ളത്തോളിനെ കുറിച്ചും അദ്ദേഹത്തിന്റെ 'എന്റെ ഗുരുനാഥൻ' കൃതിയെ കുറിച്ചും അറിയുന്നതിന്.
- താഴ്മതാനഭ്യുന്നതി , ത്യാഗമെന്നതേ നേട്ടം എന്നീ വരികളെ ആശയഭംഗി കണ്ടെത്തുന്നതിന്
- ആകാശത്തെയും ഗാന്ധിജിയും താരതമ്യപ്പെടുത്തുന്നു അതിലൂടെ രാഷ്ട്രപിതാവിനെ സവിശേഷതകൾ മനസ്സിലാക്കുന്നതിന്.

പഠനനേട്ടങ്ങൾ

- ആധുനിക കവിത്രയത്തിൽ പ്രമുഖനായ വള്ളത്തോൾ സാഹിത്യ മഞ്ജരി നാലാം ഭാഗത്തിലെ ഒരു കവിതയാണ് 'എന്റെ ഗുരുനാഥൻ'.ഗാന്ധിജിയുടെ ഗുണഗണങ്ങൾ വർണ്ണിക്കുന്നത് അദ്ദേഹത്തെ തന്റെ ഗുരുനാഥനായി കണ്ടും വള്ളത്തോൾ രചിച്ച കവിതയാണ് എന്ന് മനസ്സിലാക്കുന്നു.
- സർവ്വചരാചരങ്ങളെയും തന്റെ കുടുംബാംഗമായി കാണുന്ന ഗാന്ധിജി ത്യാഗം നേട്ടമായി താഴ്മ യെ ഉന്നതി ആയും കാണുന്ന മഹായോഗിയാണ് ജീവിതത്തിൽ എളിമയും വിനയവും കാണിക്കുന്നവരാണ് ഉന്നതിയിൽ എത്തുന്നതെന്നും മറ്റുള്ളവർക്ക് വേണ്ടി ത്യാഗം സാധിക്കുമ്പോഴാണ് വ്യക്തികൾ മഹാന്മാർ ആവുന്നത് എന്നും തിരിച്ചറിയുന്നു
- ആകാശത്തെയും ഗാന്ധിജിയെയും താരതമ്യപ്പെടുത്തുന്നതിലൂടെ അദ്ദേഹത്തിന്റെ മഹത്വത്തെ കുറിച്ചും ഹൃദയവിശാലതയും കുറിച്ചും ഏത് സാഹചര്യത്തെയും അഭിമുഖീകരിക്കുവാനുള്ള മാനസികാവസ്ഥയെയും കുറിച്ചും പരിപക്വത യും കുറിച്ചും മനസ്സിലാക്കുന്നു.

വ്യവഹാര രൂപങ്ങൾ

- വള്ളത്തോള് ചിത്രം തിരിച്ചറിയൽ
- കുറിപ്പ്
- ചർച്ച


പഠനസാമഗ്രികൾ

- വള്ളത്തോള് ചിത്രം



- വള്ളത്തോളിനെ കുറിച്ചുള്ള സൂചനകൾ എഴുതിയ സ്ലൈഡ്






- എന്റെ ഗുരുനാഥൻ കവിതയുടെ ഓഡിയോ

https://youtu.be/dJqGOqOIO_8


<u>പ്രതീക്ഷിത ഉൽപ്പന്നങ്ങൾ</u>

- വള്ളത്തോളിന്റെ ചിത്രം തിരിച്ചറിയുന്നു
- കുറിപ്പുകൾ
- ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ

<table>
<tr><th><u>പ്രക്രിയ</u></th><th><u>വിലയിരുത്തൽ /പ്രതികരണങ്ങൾ</u></th></tr>
<tr><td>

<u>ആമുഖം **( 10 മിനിറ്റ് )**</u>

കഴിഞ്ഞ ക്ലാസിൽ കൊടുത്ത ഗൃഹപാഠം വായിക്കുന്ന ശേഷം പാഠഭാഗത്തേക്ക് കടക്കുവാൻ ആയി വള്ളത്തോൾ നാരായണമേനോൻ ചിത്രം പ്രദർശിപ്പിക്കുകയും.



അദ്ദേഹത്തിന്റെ വിവരങ്ങൾ അടങ്ങുന്ന സൂചന സ്ലൈഡ് പ്രദർശിപ്പിക്കുകയുംകുട്ടികളോട് അത് വായിക്കുവാൻ പറയുന്നു.







അധ്യാപികയും വായിച്ചു വിവരിച്ചുകൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കുട്ടികളോട് ഒരു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

<u>ക്രോഡീകരണം</u>

</td><td></td></tr>
</table>

| | |
|---|---|
| കുട്ടികൾ എഴുതിയ ജീവചരിത്രക്കുറിപ്പ് ക്ലാസിൽ വായിക്കുകയും പ്രബലനം നൽകുകയും ചെയ്യുന്നു.<br> 1878 തിരൂരിനടുത്തുള്ള മംഗലം അംശം വെള്ളത്തോൾ കുടുംബത്തിൽ ജനനം. ആധുനിക കവിത്രയത്തിൽ പെടുന്നു. പത്രാധിപർ, കലാ പരിപോഷകൻ എന്നീ നിലകളിൽ പ്രശസ്തൻ. കേരളകലാമണ്ഡലം സ്ഥാപിക്കുന്നതിന് നേതൃത്വം വഹിച്ചു. സാഹിത്യമഞ്ജരി (11 ഭാഗം ),ബന്ധനസ്ഥനായ അനിരുദ്ധൻ, മഗ്ദലന മറിയം,കൊച്ചുസീത,ശിഷ്യനും മകനും,ചിത്രയോഗം,വാത്മീകിരാമായണം, തുടങ്ങിയവയാണ് പ്രധാന കൃതികൾ. പത്മഭൂഷൻ,കവിതിലകൻ,കവി സാർവ്വഭൗമൻ തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 1958 അന്തരിച്ചു.<br>എന്നീ അധികവിവരങ്ങൾ കൂടെ അധ്യാപിക പറഞ്ഞു കൊടുക്കുന്നു.<br><u>പ്രവർത്തനം **1 (20** മിനിറ്റ് **)**</u><br>വള്ളത്തോളിന്റെ എന്റെ ഗുരുനാഥൻ എന്ന കവിതയുടെ ഓഡിയോ അധ്യാപിക കുട്ടികൾക്ക് കേൾപ്പിച്ചു കൊടുക്കുന്നു.<br>https://youtu.be/dJqGOqOIO_8<br> തുടർന്ന് അധ്യാപിക കവിതയിലെ ആദ്യ വരികൾ വായിച്ച് അർത്ഥം മനസ്സിലാക്കി കൊടുക്കുകയും ത്യാഗംഎന്നത് നേട്ടം ആയും താഴ്മ ഉന്നതിയായും ഗാന്ധിജി കാണുന്നത് എങ്ങനെയെന്ന് കുട്ടികളോട് ആരായിരുന്നു.<br><u>ക്രോഡീകരണം</u><br>● സർവ്വചരാചരങ്ങളെയും തന്റെ കുടുംബാംഗമായണ് അദ്ദേഹം കാണുന്നത്.<br>● ത്യാഗം നേട്ടം ആയും താഴ്മ ഉന്നതി ആയും കാണുന്ന മഹായോഗി.<br>● താഴ്മ ജീവിതത്തിൽ എളിമയും വിനയവും കാണിക്കുന്നവരാണ് ഉന്നതിയിൽ എത്തുന്നത്.<br>● ത്യാഗം നേട്ടമാണ് മറ്റുള്ളവർക്ക് വേണ്ടി ചെച്ചി ത്യജിക്കുമ്പോഴാണ് വ്യക്തികൾ മഹാന്മാർ ആകുന്നത് അതുതന്നെയാണ് അന്യ ജീവനുതകി സ്വജീവിതം എന്ന ശീർഷകം പറയുന്നത് തന്നെ എന്നീ ആശയങ്ങൾ അധ്യാപിക കൂട്ടിച്ചേർക്കുന്നു.<br><u>പ്രവർത്തനം **- 2 (15** മിനിറ്റ് **)**</u><br>_ശേഷം വരുന്ന വരികൾ അധ്യാപിക വായിക്കുകയും അർത്ഥം പറഞ്ഞുകൊടുക്കുകയും ഇതുവരെ എടുത്ത 12 വരികൾ കുട്ടികളോ കൊണ്ടു വായിപ്പിക്കുകയും ആകാശത്തിലെ വ്യത്യസ്ത സ്വഭാവങ്ങളെ കുറിച്ച് ഓരോ സന്ദർഭത്തിലും ആകാശത്തിനു വരുന്ന മാറ്റങ്ങളെ സ്വീകരിക്കുന്ന രീതിയെക്കുറിച്ചും ആകാശത്തെയും ഗാന്ധിജിയും താരതമ്യപ്പെടുത്തുന്നത്തിലൂടെ രാഷ്ട്രപിതാവിനെ ഏത് സവിശേഷതകളാണ് വള്ളത്തോൾ വിശദമാക്കുന്നത് എന്നും ചർച്ച ചെയ്യുന്നു.<br><u>ക്രോഡീകരണം</u><br>● തെളിഞ്ഞ ആകാശം, മേഘ വ്യക്തമായ ആകാശം, നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം<br>● ആകാശത്തിനു മാറ്റമില്ല മേഘങ്ങളെയും നക്ഷത്രങ്ങളും ഒന്നും പോലെ കാണുന്നു.<br>● പ്രകാശിച്ചു നിൽക്കുന്ന നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം ഏറെ ആഹ്ലാദകരമാണ്.കാർമേഘം മൂടി നിൽക്കുമ്പോൾ അത് ശോകമൂകമായി തോന്നിയേക്കാം വിശാലമായ ആകാശം ഇതെല്ലാം വിരിമാറിൽ ഒതുക്കി ഗരിമണിയോടെ | |

| | |
|---|---|
| കാണപ്പെടുന്നു.<br>• സ്വീകാര്യതയുടെയും ബഹുമാനത്തിന്റെയും പൂച്ചെണ്ടുകളെ സ്വീകരിക്കുന്നത് പോലെ തിരസ്കാരത്തിന്റെയും വിമർശനങ്ങളുടെയും കാർമേഘങ്ങളെയും ഹൃദയവിശാലതയോടെ അംഗീകരിക്കാനും ഉൾക്കൊള്ളാനും ഗാന്ധിജിക്കു സാധിച്ചു.<br>എന്നിങ്ങനെ ചർച്ച അധ്യാപിക ക്രോഡീകരിക്കുന്നു. | |

<u>തുടർ പ്രവർത്തനം</u>

ശസ്ത്രം- ധർമ്മ പരിപാലനം

പുസ്തകം- പുണ്യാധ്യാപനം

ഔഷധം- രോഗശമനം

ഹിംസ- യജ്ഞം

ഇവയുടെ പരസ്പരബന്ധം കണ്ടെത്തി വിശകലനം ചെയ്ത് ഗാന്ധിജിയുടെ സവിശേഷതകൾ വ്യക്തമാക്കുക.

<u>പ്രതിഫലനാത്മക ചിന്ത</u>